കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊടകര ബ്ലോക്ക്പഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.)994/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി:16/09/19

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്/സെക്രട്ടറിമുഖേന
കൊടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം2 ലെ 2-1 , ഭാഗം 3 ലെ 3-6 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.)994/19 തിയ്യതി:16/09/19

## തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ 05.12.18 മുതൽ 24.6.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ സി. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.06.2019 മുതൽ 29.06.2019 വരെ |

**ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ**

| | |
|---|---|
| വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| ചൈതന്യ പുരുഷോത്തമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | |

| | |
|---|---|
| ഷാജിത.കെ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ധന്യ.എ.സുരേന്ദ്രൻ | ഓഡിറ്റർ |

**(ബി)<u>നിർവ്വഹണാധികാരികൾ</u>**

**<u>പ്രസിഡന്റ്</u>**

| പേര് | കാലയളവ് |
|---|---|
| ശ്രീമതി .അമ്പിളി സോമൻ | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.സൂസമ്മ ഐസക് | 01-04-2018മുതൽ 4.5.2018 വരെ |
| ശ്രീമതി.സരസ്വതി.യു.ജി | 05.05.2018 മുതൽ 17.6.2018 വരെ |
| ശ്രീമതി.അന്ന മാത്യു ജോർജ് | 18.06.2018 മുതൽ 24.07.2018 വരെ |
| ശ്രീമതി.സരസ്വതി.യു.ജി | 25.07.2018 മുതൽ 05.08.2018 വരെ |
| ശ്രീമതി.ശ്രീദേവി.കെ.ജി | 06.08.2018 മുതൽ 08.11.2018 വരെ |
| ശ്രീമതി.സരസ്വതി.യു.ജി | 09.11.2018 മുതൽ 17.03.2019 വരെ |
| ശ്രീമതി.മിനി.എസ് | 18.03.2019 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ജോജി പോൾ | 01.04.2018 മുതൽ 31.01.2019 വരെ |
| | സൂരജ് പി.ജി | 01.02.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രതീഷ് പി.ബി | 01.04.2018 മുതൽ 17.04.2018 വരെ |
| | ബിനു എം എം | 18.04.2018 മുതൽ |

| | | |
|---|---|---|
| | | 31.05.2018 വരെ |
| | പ്രതീഷ് പി.ബി | 01.06.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ലാസർ.വി.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ശിശു വികസന ഓഫീസർ | ശ്രീമതി.ദേവി.എൻ | 01.04.2018 മുതൽ 24.12.2018 വരെ |
| | ഗ്രേയ്സി.ടി.പി | 25.12.2018 മുതൽ 04.02.2019 വരെ |
| | ശ്രീമതി. ദേവി.എൻ | 05.02.2019 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഫെമി.വി.മാത്യൂ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.രമ കെ.നായർ | 01.04.2018 മുതൽ 13.07.2018 FN വരെ |
| | റാണി.ടി.ജി (ഇൻ ചാർജ്) | 13.07.2018 AN മുതൽ 08.08.2018 വരെ |
| | സരസ്വതി.എ.കെ | 08.08.2018 മുതൽ 07.01.2019 FN വരെ |
| | റാണി.ടി.ജി (ഇൻ ചാർജ്) | 07.01.2019 AN മുതൽ 20.02.2019 വരെ |
| | സരസ്വതി.എ.കെ | 21.02.2019 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി. | ഡോ.എ.സി. സരള | 01.04.2018 മുതൽ 30.04.2018 വരെ |
| | ഡോ.ശില്പ ബേബി | 01.05.2018 മുതൽ 15.06.2018 വരെ |
| | ഡോ.എ.സി.സരള | 16.06.2018 മുതൽ 31.03.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ | മൃദുല.കെ.എൻ. | 01.04.2018 മുതൽ |

| | | |
|---|---|---|
| ഓഫീസർ | | 21.01.2019 വരെ |
| | രാധാകൃഷ്ണൻ.സി.ബി. | 22.01.2019 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക: സമർപ്പണം | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| | ഭാഗം 2 | |
| 11 | ഇ-ടെണ്ടർ ഫോം വിൽപ്പന-ടെണ്ടർ ഫോംവില ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. | 2-1 |
| 12 | ലേലം-പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-2 |
| | ഭാഗം 3 | |
| 13 | പി.എം.എ.വൈ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക വിനിയോഗിച്ചിട്ടില്ല | 3-1 |
| 14 | കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തികൾ- പൂർത്തീകരണ പത്രം ലഭ്യമായിട്ടില്ല | 3-2 |
| 15 | കുട്ടികൾക്കു ഫുട്ബോൾ തുടർ പരിശീലനം- പരാമർശങ്ങൾ | 3-3 |

| | | |
|---|---|---|
| 16 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ- ഗ്രാമപഞ്ചായത്തുകളിൽ നിന്നും രേഖകൾ ലഭ്യമാക്കിയില്ല | 3-4 |
| 17 | ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തെറ്റായി ട്രാൻസ്ഫർ ചെയ്ത തുക | 3-5 |
| 18 | പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി: മെഷീൻ വാങ്ങലും സ്ഥാപിക്കലും- പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-6 |
| 19 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്തത് | 3-7 |
| 20 | ജി.എസ്.ടി. കോമ്പൻസേഷൻ തനത് ഫണ്ട് അക്കൗണ്ടിൽ | 3-8 |
| 21 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള,നിലവിൽ ഉപയോഗമില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ് | 3-9 |
| 22 | തുറവ് പകൽവീട് – പ്രയോജനപ്പെടുത്തേണ്ടതാണ്. | 3-10 |
| 23 | കുടിവെള്ള,ജലസേചന പദ്ധതികളുടെ തുടർ നടത്തിപ്പ് | 3-11 |
| 24 | പട്ടികവർഗ്ഗ വനിതകൾക്ക് ആരോഗ്യ പരിരക്ഷ പദ്ധതി: നടപ്പിലാക്കിയതിലെ അപാകതകൾ | 3-12 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി: നടത്തിപ്പിലെ അപാകതകൾ | 3-13 |
| 26 | പട്ടികജാതി പെൺകുട്ടികൾക്ക് മികവ് സ്കോളർഷിപ്പ്- | 3-14 |
| 27 | പാലിനു സബ്സിഡി നൽകിയത്- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-15 |
| 28 | സമഗ്ര കൃഷി വികസനം - ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയത്- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-16 |
| 29 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-17 |
| 30 | സി.ഡി.പി.ഒ. നടപ്പാക്കിയ നൂതനപദ്ധതി: -അംഗീകാരം സംബന്ധിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ല. | 3-18 |
| 31 | സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-19 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 33 | ഡെപ്പോസിറ്റ് പ്രവർത്തിക്കു നൽകിയ തുകയുടെ | 4-2 |

| | വിവരങ്ങൾ | |
|---|---|---|
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 43 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഈ വർഷത്തെ ബജറ്റ് 22-03-2018 തിയ്യതിയിലെ 1.1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 21,0938,167 രൂപയും പ്രതീക്ഷിതചെലവ് 21,04,88,640/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.19 | 21.05.2019 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 29.06.2019 | കെ.എസ്.എ.ടി.എസ്.ആർ. (ബി.പി.)-994/19 |

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,58,60,319 |
| വരവ് | 9,05,60,234 |
| ആകെ | 12,64,20,553 |
| ചെലവ് | 10,58,07,146 |
| നീക്കിയിരിപ്പ് | 2,06,13,407 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 0 | 48287000 | 48287000 | 48005277 | 281723 |
| എസ്.സി.പി. | | 0 | 18892000 | 18892000 | 18892000 | 0 |
| ടി.എസ്.പി. | | 0 | 963000 | 963000 | 770400 | 192600 |
| മെയിന്റനൻസ് (റോഡിതരം) | | 0 | 5725000 | 5725000 | 5725000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടി എസ് സി | | 18,16,036 | 64376 | 1880412 | 53 | 1880359 |
| ഐ.സി.ഡി.എസ് (സി.ഡി.പി ഗ്രാന്റ്) | | 20,79,036 | 73719 | 2152755 | 0 | 2152755 |
| പൈക്ക& എസ്.ജി.എസ്.വൈ. | | 1,31,859 | 4676 | 136535 | 0 | 136535 |
| ഐ എ വൈ അഡ്മിനിസ്ട്രേഷൻ | | 55 | 6522 | 6577 | 6577 | 0 |
| എസ് ഐ.ജി ഫോർ എസ്.എച്ച്.ജി | | 4,725 | 143 | 4868 | 4868 | 0 |
| ഐ ഡബ്ളിയു.എം.പി | | 34,058 | 23886 | 57944 | 57944 | 0 |
| പി എം കെ എസ് വൈ | | 6,826 | 241 | 7067 | 71 | 6996 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| കേരളോത്സവം | | 0 | 35000 | 35000 | 35000 | 0 |
| ഐ എ വൈ സംസ്ഥാന വിഹിതം | | 5,313 | 188 | 5501 | 71 | 5430 |
| സാക്ഷരത | | 1,29,210 | 46413 | 175623 | 0 | 175623 |
| ജോയന്റ് വെഞ്ചർ | ഗ്രാമപഞ്ചായത്ത് | 68529 | 1337871 | 1406400 | 1115000 | 291400* |
| | ജില്ലാപഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| തനത്ഫണ്ട് | ബാങ്ക് അക്കൗണ്ട് | 79,125 | 232883 | 312008 | 219068 | 92940 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 2,64,088 | 5934513 | 6198601 | 5217500 | 981101 |
| പ്ളാൻ | | 3,09,564 | 10977 | 320541 | 0 | 320541 |
| ജി.എസ്.ടി | | 45611 | 11650 | 57261 | 52078 | 5183** |

* General Ledger Trial Balance പ്രകാരമുള്ള തുകകളാണ് ചേർത്തിട്ടുള്ളത്. ജോയിന്റ് വെഞ്ചർ പ്രൊജക്റ്റുകളുടെ വരവു ചെലവു നീക്കിയിരിപ്പു തുകകളുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. ആയത് തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

** General Ledger Trial Balance ലെ തുകകളാണ് ചേർത്തിരിക്കുന്നത്. ആയത് വാർഷിക കണക്കിലെ RP ഷെഡ്യൂളുകളിലെ വരവുചെലവു തുകകളുമായി പൊരുത്തപ്പെടുന്നില്ല. GST വരവുചെലവു കണക്കുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 120 | 132922757 | 95 | 78383352 | 23 | 2 | 79.16 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.06.2019, 28.06.19 തിയതികളിൽ 3.00pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഈ തിയതികളിൽ സ്ഥാപനത്തിന് വരവില്ലെന്ന് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ കാലയളവ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.1.2019-18.1.2019 | 2017-18 | 30.3.2019 |
| അക്കൗണ്ടന്റ് ജനലിന്റെ ഓഡിറ്റ് | 08.02.2018 | 2012-13 മുതൽ 2016-17 വരെ | 18.03.2018 |

# 1-9 വാർഷിക ധനകാര്യപത്രിക

# പരിശോധിച്ചതിന്റെ അപാകതകൾ

2018-19 സാമ്പത്തികവർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷികകണക്ക് പ്രകാരം വാടകയിനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവ 49095/- രൂപയാണ്. വാർഷികകണക്കിൽ ഈയിനത്തിൽ ബാലൻസ്ഇല്ല. എന്നാൽ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം വാടക ഡിമാന്റ് 50595/- രൂപയും, കളക്ഷൻ 49095/- രൂപയും കുടിശ്ശിക 1500/- രൂപയുമാണ്, ഡിമാന്റ് രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കായിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ബാലൻസ്ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3. അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് ബി-18 ലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. Advance to implementing officers ശീർഷകത്തിലെ രേഖപ്പെടുത്തൽ വാർഷികകണക്കിൽ 91000/- രൂപയും അഡ്വാൻസ് രജിസ്റ്ററിൽ 130150/- രൂപയുമാണ്.

4. ഇൻകം & എക്സ് പെൻഡിച്ചർ ഷെഡ്യൂൾ 1-17 (a) പ്രകാരം ഡിപ്രിസിയേഷൻ 2,366,113/- രൂപയാണ്. ഈ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ സാക്ഷ്യപ്പെടുത്തിയ വർക്ക് ഷീറ്റുകൾ ഇല്ല.

5. വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 (എ) പ്രകാരം ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ 4747533/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ഏതെല്ലാം ഇനങ്ങളാണ് ഉൾപ്പെടുത്തിയതെന്ന വിവരം ലഭ്യമല്ല.

6. 2017-18 സാമ്പത്തികവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 827583/- രൂപ അദർ ലയബിലിറ്റീസ് ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ 2018-19 ൽ ഈ തുക അഡ്ജസ്റ്റ് ചെയ്ത് ബാലൻസ്ഷീറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അഡ്ജസ്റ്റ്മെന്റ് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

7. വാർഷികകണക്ക് ബി-4 ഷെഡ്യൂളിൽ ജില്ലാപഞ്ചായത്ത് നീക്കിയിരിപ്പായി 1,45,60764/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ, ബ്ലോക്ക് പഞ്ചായത്ത്, ഐ.എ.വൈ സംസ്ഥാന വിഹിതം എന്നിവ കൂടി ഉൾപ്പെടുന്നുണ്ട്.

8. ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ ആസ്തികളുടെ മൂല്യം പരിശോധിക്കുന്നതിന് സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്ററർ പരിപാലിച്ചിട്ടുള്ളത്. 2016-17 ന ശേഷം ആസ്തിരജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടില്ല.

# 1-10 ആഭ്യന്തര നിയന്ത്രണം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 18/14.3.2018 -ാം തീരുമാനത്തിൽ 2018-19 വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ നടപടികളെക്കുറിച്ച് യോഗം ചർച്ചചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിന്റെ വിശദാംശങ്ങളോ, ചർച്ചയുടെ വിശദാംശങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മതിയായ സ്ഥിതിവിവരകണക്കുകളുടെയും വ്യക്തമായ മുന്നാലോചനയുടെയും

അടിസ്ഥാനത്തിലോ ബജറ്റ് നിർമ്മാണ ചട്ടങ്ങളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടോ അല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് പ്രകാരം തൻ വർഷത്തെ പ്രതീക്ഷിത വരവും ചെലവും 21 കോടിയിൽപരമാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം യഥാർത്ഥ വരവു ചെലവുകൾ 10 കോടിക്കടുത്തുമാത്രമാണ്. ബജറ്റ് പുതുക്കിയതായും കാണുന്നില്ല. ആഭ്യന്തര നിയന്ത്രണത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയാണ് ബജറ്റ് എന്നിരിക്കെ കൂടുതൽ യാഥാർത്ഥ്യബോധത്തോടെയും ശാസ്ത്രീയവും വസ്തുനിഷ്ഠമായും സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി വിലയിരുത്തിക്കൊണ്ട് ബജറ്റ് തയ്യാറാക്കേണ്ടതുണ്ട്.

ഓരോ മാസത്തേയും വരവുചെലവുകണക്കുകൾ തൊട്ടടുത്തമാസം 10-ാം തിയതിക്കകം ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകാരം നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല.</u>

സ.ഉ.(കൈ)നം11/2018/തസ്വഭവ/ 29.1.2018 ഖണ്ഡിക 3.12(ബി) പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ പലതും ഈ ചുമതല നിർവ്വഹിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.പട്ടികജാതിവികസനം,ദാരിദ്ര്യലഘൂകരണം,വൃദ്ധർ-ശാരീരികമാനസികവെല്ലുവിളികൾനേരിടുന്നവർ, കണക്കുകൾ,രേഖകൾ തയ്യാറാക്കൽ - എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ 2018-19 ൽ ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

മൃഗസംരക്ഷണം, വിദ്യാഭ്യാസം, സംസ്കാരം, കായിക വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ 2018-19ൽ യോഗം ചേർന്നിട്ടേയില്ല. ചില വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിന്റെ തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് പൊതുമരാമത്ത് 2.10.2018, 18.12.2018 തിയതികളിൽ യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങളില്ല. 7.3.2018ൽ 2018-19ൽ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് തീരുമാനമെടുത്തിട്ടുണ്ട്, ഈ തീരുമാനത്തിൽ പറഞ്ഞിട്ടുള്ള പ്രൊജക്റ്റുകളിൽ പലതും നടപ്പാക്കിയിട്ടില്ല, നടപ്പാക്കിയതിൽ പലതും വർക്കിംഗ് ഗ്രൂപ്പിലോ വികസനസ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ചചെയ്തതായി കാണുന്നില്ല.

ചെറുകിടവ്യവസായ വർക്കിംഗ് ഗ്രൂപ്പിന്റെ യോഗങ്ങളിൽ 2018-19 വർഷത്തേക്ക് പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്റ്റുകളൊന്നും തന്നെ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മറ്റികളായി പ്രവർത്തിച്ചതായി മിനുട്സിൽ രേഖപ്പെടുത്തികാണുന്നില്ല.

ഇ-ടെണ്ടർ ഫോം വിലയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 5,62,488/- രൂപ ലഭിക്കാനുണ്ട് (ഖണ്ഡിക2-1)

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് ലേലം നടത്തിയിട്ടില്ല (ഖണ്ഡിക2-2)

ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും യഥാർത്ഥ ഗുണഭോക്താക്കൾക്ക് പകരം തെറ്റായി തുക ട്രാൻസ്ഫർ ചെയ്തു (ഖണ്ഡിക3-5)

പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിക്കായി കെട്ടിടം പണിത് മെഷീൻ വാങ്ങി സ്ഥാപിച്ചു- പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല_(ഖണ്ഡിക3-6)

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള, നിലവിൽ ഉപയോഗമില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ് (ഖണ്ഡിക3-9)

തുറവ് പകൽവീട്-ഒറ്റപ്പെട്ട സ്ഥലത്ത് കെട്ടിടം നിർമ്മിച്ചിരിക്കുന്നു, പ്രവർത്തനമാരംഭിച്ചിട്ടില്ല. (ഖണ്ഡിക3-10)

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ ഫോം വിൽപ്പന-ടെണ്ടർ ഫോംവില ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

അസി. എക്സി, എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ – ടെണ്ടർ നടത്തിയതിന്റെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്ത് മരാമത്ത് വിഭാഗത്തിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് 2015-16 മുതൽ 2018-19 സാമ്പത്തിക വർഷം വരെ ഈ ഇനത്തിൽ 5,62,488/- രൂപ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2015-16 | 112988 |
| 2016-17 | 115418 |
| 2017-18 | 190400 |
| 2018-19 | 143682 |
| ആകെ | 562488 |

ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടായതിനാൽ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ലേലം-പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

22.10.2018 തിയതിയിലെ പഞ്ചായത്ത് കമ്മിറ്റി അജണ്ട 3, തീരുമാനം 3 പ്രകാരം ബ്ളോക്ക് ഓഫീസ് കോംപൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ വാതിൽ ഷട്ടറുകൾ, റൂഫിങ്ങ് ഷീറ്റ്, പിവിസി സീലിങ്ങ് പാനലുകൾ എന്നിവ ലേലം ചെയ്യുന്നതിനു തീരുമാനമെടുക്കുകയും എൽഎസ്ജിഡി അസി.എഞ്ചിനീയർ നൽകിയ 6255 രൂപയുടെ വാല്യുവേഷന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റത്തൂർ സി.എച്ച്.സി. കോംപൗണ്ടിലുള്ള ഉപയോഗശൂന്യമായ വസ്തുക്കളും ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്(തീരുമാനം 4). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (എൻക്വയറി നം.2,27.06.2019) ലേല നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. ലേലം നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പി.എം.എ.വൈ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തെ വാർഷികകണക്ക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ അക്കൗണ്ടുകളിൽ താഴെ പറയും പ്രകാരം തുക 31.3.19 ൽ നീക്കിയിരിപ്പുണ്ട്.

| ക്രമ നം. | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|
| 1 | 4341000100045697 PNB-Grant Funds (IAY Plan) | 1,45,60764 |
| 2 | 4341000100070198 PNB-IAY state share | 5430 |
| 3 | 79901140002478 (സംയുക്ത പ്രൊജക്ട്) Try TSB | 291400 |

കൊടകര ബ്ലോക്ക് പഞ്ചായത്തിൽ ഭവനനിർമ്മാണ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തീകരിക്കുന്നതിന് പി.എം.എ.വൈ. പദ്ധതിയിൽ 5 വീടുകളും, ലൈഫ് പദ്ധതിയിൽ 2 വീടുകളും

മാത്രമാണ് ബാക്കിയുള്ളത്. 2019-20 സാമ്പത്തിക വർഷം കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ പി.എം.എ.വൈ പദ്ധതിയിൽ ടാർജറ്റ് നല്കിയിരിക്കുന്നത് 200 വീടുകൾ ആണ്. ഗുണഭോക്താക്കൾ കരാർ വെച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്ന മുറയ്ക്ക് തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-2 കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തികൾ- പൂർത്തീകരണ പത്രം ലഭ്യമായിട്ടില്ല

2018-19 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണം കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിന് തുകകൾ പ്രസ്തുത സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | ട്രഷറി ബിൽ | തുക | കരാർ തിയതി | കരാർ പ്രകാരം പൂർത്തീകരണ തിയതി |
|---|---|---|---|---|---|---|
| 1 | 18/19 | പത്തുകുളങ്ങര പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 51/ 31.7.18 | 500000/- | മുദ്ര പത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | 1.6.19 മുതൽ 31.10.19 വരെ |
| 2 | 45/19 | ആദൂർ എസ്.സി കോളനി കുടിവെള്ള പദ്ധതി | 50/ 31.7.18 | 620000/- | മുദ്ര പത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | 1.6.19 മുതൽ 31.10.19 വരെ |
| 3 | 47/19 | ചീനിക്കുന്ന് എസ്.ടി കോളനി കുടിവെള്ള പദ്ധതി | 90/4.1.19 | 29600/- | 16.1.19 | 1.6.19 മുതൽ 31.10.19 വരെ |
| | | | 91/4.1.19 | 770400/- | | |
| | | | | ആകെ 800000/- | | |
| 4 | 83/19 | കണ്ണമ്പത്തൂർ | 52/31.7.18 | 500000/- | മുദ്ര പത്രത്തിൽ | 1.6.19 മുതൽ |

| | | | | | | |
|---|---|---|---|---|---|---|
| | | കരുകപ്പാടം കുടിവെള്ള പദ്ധതി | | | തീയതി രേഖപ്പെടുത്തിയിട്ടില്ല | 31.10.19 വരെ |
| | | | | 2420000/- | | |

എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും വാട്ടർ അതോറിററിയുമായി കരാറിലേർപ്പെട്ടിരിക്കുന്നത് തുക ട്രാൻസ്ഫർ ചെയ്തതിനു ശേഷം മാത്രമാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 3/28.6.19-നുള്ള മറുപടിയായി 3 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണെന്നും ചീനിക്കുന്ന് എസ്.ടി കുടിവെള്ള പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിലുള്ള സാങ്കേതിക തടസ്സം മൂലം പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ പത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ചെലവു തുക 2420000/- തടസ്സപ്പെടുത്തുന്നു.

# 3-3 കുട്ടികൾക്കു ഫുട്ബോൾ തുടർ പരിശീലനം-പരാമർശങ്ങൾ

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ-1000000/- ചെലവ്-1000000/-

സ.ഉ.സാധാ(നം)534/2018/ത.സ്വ.ഭ.വ തിയതി 24.2.18 പ്രകാരം കൊടകര ബ്ലോക്ക് പഞ്ചായത്ത്, 10 ലക്ഷം രൂപ അടങ്കലിൽ നടപ്പാക്കുന്ന കുട്ടികളുടെ കായിക പരിശീലനം എന്ന പ്രൊജക്ടിന് പരിശീലനാർത്ഥികളെ യുവജനക്ലബ്ബുകൾ മുഖേന തെരഞ്ഞെടുക്കുന്നതിനു പകരം സ്കൂൾ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 6.2.18-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം 4.20. പ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് തുടർപരിശീലനം കൂടി ഉറപ്പാക്കി ദീർഘ പദ്ധതിയായി നടപ്പാക്കണം എന്ന നിബന്ധന വെച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 ൽ കുട്ടികൾക്കു ഫുട്ബോൾ തുടർ പരിശീലനം എന്ന പ്രൊജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.

പരിശീലകനുള്ള വേതനം, സഹപരിശീലകനുള്ള വേതനം, ഉഴിച്ചിൽ, ഭക്ഷണം എന്നിവയ്ക്കാണ് ചെലവു തുകയിൽ ഭൂരിഭാഗവും വിനിയോഗിച്ചിരിക്കുന്നത്.

കൊടകര ഫുട്ബോൾ അക്കാദമി എന്ന പേരിൽ കേരള ഫുട്ബോൾ അക്കാദമിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ ഫുട്ബോൾ കളികൾക്ക് കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്.

ശ്രീ.പീതാംബരൻ, മങ്ങാട്ട് ഹൗസ്, ഒല്ലൂർ എന്നവരെ പരിശീലകനായി 2017-18 ൽ തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ സേവനം 2018-19 ലും തുടർന്നു പോരുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം പരിശീലനം നടത്തുന്ന ദിവസം പരിശീലകന് 2000/- രൂപയും, സഹപരിശീലകർക്ക് 1000/- രൂപയും പ്രതിഫലം നിശ്ചയിച്ചിട്ടുണ്ട്.

പ്രൊജക്ടുമായി ബന്ധപ്പെട്ട ചെലവു രേഖകൾ പരിശോധിച്ചതിൽ പരിശീലനം നടത്താത്ത ദിവസങ്ങളിൽ അക്കാദമിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യാത്രകൾ ചെയ്തതിന്

വാഹനവാടകയോടൊപ്പം പരിശീലനത്തിന്റെ തുക കൂടി അനുവദിച്ചിട്ടുണ്ട്. പരിശീലനം നടക്കാത്ത ദിവസങ്ങളിലെ പ്രവർത്തനത്തിന് പരിശീലനത്തിന്റെ തുക അല്ലാതെ നിശ്ചിത നിരക്ക് കരാറിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ഭക്ഷണത്തിന്റെ ബില്ലിൽ നിന്നും വ്യത്യസ്തമായി പരിശീലനത്തിന്റെ അറ്റൻഡൻസിൽ കാണുന്ന ദിവസങ്ങൾ പുറമേയുള്ള സ്ഥലങ്ങളിൽ പരിശീലനം നടത്തിയതാണെന്ന് പരിശീലകൻ രേഖപ്പെടുത്തി കാണുന്നു. ആയതിന് ആധാരമായ രേഖകൾ വൗച്ചറിൽ ഇല്ല. കൂടാതെ കുട്ടികളെ ഫുട് ബോൾ കളികൾക്ക് പങ്കെടുപ്പിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ പോയതിന്റെ വാഹനവാടക അനുവദിച്ചതിന് ട്രിപ്ഷീറ്റ് ഹാജരാക്കുന്നുണ്ടെങ്കിലും പരിപാടികളിൽ പങ്കെടുത്ത കുട്ടികളുടെ വിവരങ്ങളോ, പരിപാടികളുടെ വിശദാംശങ്ങളോ വൗച്ചറിനോടൊപ്പം ഹാജരാക്കുന്നില്ല.

ചില ബില്ലുകളിൽ തുക അനുവദിക്കുന്നതിനോടൊപ്പം പരിശീലനം ഭംഗിയായി നടത്തിയിട്ടുണ്ടെന്ന് മോണിറ്ററിംഗ് കമ്മറ്റിയുടെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 4/18 മുതൽ 2/19 വരെ നടത്തിയ പരിശീലനത്തിന്റെ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പിൽ മോണിറ്ററിംഗ് കമ്മറ്റിയിലെ ആരും തന്നെ ഒപ്പിട്ടതായി കാണുന്നില്ല.

മേൽപ്പറഞ്ഞ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-4 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ-ഗ്രാമപഞ്ചായത്തുകളിൽ നിന്നും രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണം-സെക്രട്ടറി

2018-19 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന സംയുക്ത പ്രൊജക്ടുകളിൽ തുകകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് ഗ്രാമപഞ്ചായത്തുകളുടെ കൈപ്പറ്റ് രസീതി, ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് വിഹിതം വകയിരുത്തിയ പ്രൊജക്റ്റ് കോപ്പി, ഗ്രാമപഞ്ചായത്തുകളുമായി ഏർപ്പെട്ട കരാറുകൾ, വിനിയോഗസാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.

1. പ്രൊജക്റ്റ് നം.12/19 -ലൈഫ് മിഷൻ (ജനറൽ) വിഹിതം നൽകൽ

ട്രഷറി ബിൽ നം-53/31.7.18 തുക-9305885/-

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | കൈമാറിയ തുക | കുറിപ്പുകൾ |
|---|---|---|---|
| 1. | പുതുക്കാട് | 768105 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. |
| 2 | അളഗപ്പനഗർ | 1122615 | |
| 3 | കൊടകര | 1033987 | |
| 4 | മറ്റത്തൂർ | 2688367 | |
| 5 | നെൻമണിക്കര | 531765 | |
| 6 | തൃക്കൂർ | 1536210 | |

| | | | |
|---|---|---|---|
| 7 | വരന്തരപ്പിള്ളി | 1624836 | |
| | | 9305885 | |

2. പ്രൊജക്ട് നം.13/19 -ലൈഫ് മിഷൻ (എസ്.സി) വിഹിതം നൽകൽ

ട്രഷറി ബിൽ നം-54/31.7.18 തുക-2925147/-

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | തുക | കുറിപ്പുകൾ |
|---|---|---|---|
| 1. | കൊടകര | 2125147 | |
| 2 | മറ്റത്തൂർ | 800000 | വിനിയോഗസാക്ഷ്യപത്രം ബ്ലോക്ക് വിഹിതം വകയിരുത്തിയ പ്രൊജക്ട് കോപ്പി ഹാജരാക്കിയിട്ടുണ്ട്. |
| | | 2925147 | |

3.പ്രൊജക്ട് നം-17/19 വയോജനക്ഷേമപദ്ധതി വിഹിതം നൽകൽ

ട്രഷരി ബിൽ നം-28/22.6.18 തുക-700000/-

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകൾക്കും 100000/- രൂപ വീതം നൽകിയിട്ടുണ്ട്.

4.പ്രൊജക്ട് നം-15/19 ഭിന്നശേഷിക്കാർക്ക സ്കൂട്ടർ വിത്ത് സൈഡ് വീൽ വിഹിതം നൽകൽ

ട്രഷറി ബിൽ നം.29/22.6.18 തുക-700000/-

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | തുക | വിനിയോഗസാക്ഷ്യപത്രം പ്രകാരം വിനിയോഗിച്ച തുക |
|---|---|---|---|
| 1 | നെൻമണിക്കര | 100000 | 68866 |
| 2 | കൊടകര | 200000 | ------- |
| 3 | തൃക്കൂർ | 200000 | 72000 |
| 4 | വരന്തരപ്പിള്ളി | 100000 | ------ |
| 5 | മറ്റത്തൂർ | 100000 | --------- |
| | ആകെ | 700000 | |

മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 1,36,31,032/- രൂപ (9305885+2925147+700000+700000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.5/28.6.19)

# 3-5 ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തെറ്റായി ട്രാൻസ്ഫർ ചെയ്ത തുക യഥാർത്ഥ

## ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം-232/18-19 തിയതി. 27.3.19

ചെക്ക് നം.2329872/27.3.19 തുക-156992/-

മേൽപ്രകാരം വിവിധ ചെലവുകൾക്കായി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച തുകയിൽ 42166/- രൂപ പുതുക്കാട് കെ.എസ് ഇ,ബി അസി.എഞ്ചിനീയറുടെ അക്കൗണ്ട് നമ്പരിലേക്ക് (നം.67036147605) ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ കൊടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 3.4.19-ലെ ഡി.1751/18 കത്തു പ്രകാരം അളഗപ്പനഗർ എസ്.സി വനിതാ വ്യവസായ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ എടുത്ത വകയിൽ ഗുണഭോക്താക്കൾ (കൽപക കുടുംബശ്രീ, അളഗപ്പനഗർ) കെ.എസ്.ഇ.ബി പുതുക്കാട് ഓഫീസിൽ 42166/- രൂപ അടച്ചിട്ടുള്ളതായും എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകേണ്ട തുക തെറ്റായി കെ.എസ്.ഇ.ബിക്ക് നൽകിയതാണെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമായതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം.21/29.6.19) 21.6.19-ലെ ചെക്ക് നം.599940 29.6.19-ൽ ലഭ്യമാക്കിയതായി അറിയിച്ചിട്ടുണ്ട്. മേൽ തുക കൽപ്പക കുടുംബശ്രീ അംഗങ്ങൾക്ക തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി/ മെഷീൻ വാങ്ങലും സ്ഥാപിക്കലും- പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല

നിർവ്വഹണം-സെക്രട്ടറി

ട്രഷറി ബിൽ നം/തിയതി-97/11.3.19 തുക-982943/-

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) 1641/17 തിയതി 19.5.17 പ്രകാരം പ്ലാസ്റ്റിക് നിർമാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനും, 5 വർഷത്തെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് തുക ഡെപ്പോസിറ്റായി നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ക്ലീൻ കേരള കമ്പനിയുടെ സ്പെസിഫിക്കേഷൻ പ്രകാരം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഇലക്ട്രിക്കൽ കണക്ഷൻ 3 ഫേസ് പവർ കണക്ഷൻ, 1/2 കെ.എൽ.ഡി വാട്ടർ കണക്ഷൻ എന്നിവ ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

7 ഗ്രാമപഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ/ പുന:ചംക്രമണം ചെയ്യുന്നതിന് ഉദ്ദേശിച്ചാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഇൻവോയ്സ് നം.188/17.1.19 പ്രകാരം ഷ്രെഡിംഗ് മെഷീൻ, ബെയ്ലിംഗ് മെഷീൻ എന്നിവ ഒരു വർഷത്തേക്കുള്ള സൂപ്പർവിഷൻ ചാർജ്, ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെ ആകെ 982943/- രൂപ അക്കൗണ്ട് നം.33622776812 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. കൊടകര ഗ്രാമപഞ്ചായത്തിന്റെ മാർക്കറ്റിനോടനുബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുകയും ജൈവവളം നിർമ്മിക്കുകയും ചെയ്യുന്ന സ്ഥാപനത്തിനോട് ചേർന്നാണ് പുതിയ കെട്ടിടം പണിത് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത മെഷീനുകൾ സംസ്കരണകേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും കറന്റ് കണക്ഷൻ, വെള്ളത്തിനുള്ള സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടില്ല.

കെട്ടിടനിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ നടപ്പാക്കിയ 61/19 നമ്പർ പ്രൊജക്റ്റ് പ്രകാരം 1302472/- രൂപയും ചുറ്റമതിൽ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ 65/19-ാം നമ്പർ പ്രൊജക്റ്റ് പ്രകാരം 11,46,608/- രൂപയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് അംഗങ്ങളെ നിയമിക്കുകയോ, ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ഈ വിഷയത്തിൽ കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. അപാകതകൾ പരിഹരിച്ച് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്തു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 172-ാംവകുപ്പ് (1) -ാം ഉപവകുപ്പ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ നാലാം പട്ടിക പ്രകാരം പൊതുമരാമത്ത് വിഭാഗത്തിൽ സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തികളാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. എൽ.പി, യു.പി സ്കൂളുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളാണ്, ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ പെടുന്നവയല്ല. എന്നിരുന്നാലും, പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി, യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രൊജക്റ്റുകൾ ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. താഴെ പറയുന്ന എൽ.പി, യു.പി സ്കൂളുകളിലെ പ്രവൃത്തികൾ ഓഡിറ്റ് വർഷം ബ്ലോക്കിൽ നിന്നും നടപ്പിലാക്കി പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന് അതാതു ഗ്രാമപഞ്ചായത്തുകൾ അനുവാദം നൽകിയതായി കാണുന്നില്ല.

| പദ്ധതിയുടെ പേര് | പ്രോജക്റ്റ് നമ്പർ | ചെലവു തുക |
|---|---|---|
| ജി.യു.പി.എസ് ഇഞ്ചക്കുണ്ട് ടോയ്‌ലെറ്റ് നിർമ്മാണം | 107 | 284663 |
| ജി.എൽ.പി.എസ് തൃക്കൂർ ടോയ്‌ലെറ്റ് നിർമ്മാണം | 108 | 300596 |
| ജി.യു.പി.എസ് വെള്ളിക്കുളങ്ങര ടോയ്‌ലെറ്റ് നിർമ്മാണം | 110 | 305768 |

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം പ്രൊജക്റ്റുകൾ നടപ്പാക്കേണ്ടതാണ്.

# 3-8 ജി.എസ്.ടി. കോമ്പൻസേഷൻ തനത് ഫണ്ട് അക്കൗണ്ടിൽ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ജി.എസ്.ടി. കോമ്പൻസേഷൻ തുക പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം., തീയതി | തുക |
|---|---|---|---|
| 1 | പൂണിശ്ശേരി കപ്പേള കനാൽ ബണ്ട് റോഡ് (AE) | 31/5.12.2018 | 26457 |
| 2 | ചെങ്ങാലൂർ മാട്ടുമല സാംസ്കാരിക നിലയം (AE) | 17-18 ൽ | 32544 |
| 3 | പഴമ്പിള്ളി കോളനി സമഗ്രവികസനം (AE) | 17-18 ൽ =37923<br>18/30.7.2018=3666 | 41589 |
| 4 | തുറവ് പകൽ വീട് (AE) | 2/21.5.2018 | 40188 |
| 5 | ആനത്തടം എസ്.സി. കോളനി സാംസ്കാരിക നിലയം (A EXE) | 3/14.8.18 | 53972 |

കരാറുകാർ മേൽ പ്രവൃത്തികളുടെ ജി.എസ്.ടി അടവാക്കി രേഖകൾ ഹാജരാക്കുന്ന മുറക്ക് തുക തിരികെ നൽകുന്നതിനാണ് പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച് തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്. തുക കരാറുകാർക്ക് നാളിതുവരെ നൽകിയിട്ടില്ലെന്നാണ് ഓഡിറ്റ് എൻക്വയറി 16/29.6.2019 ന ലഭിച്ച മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ഈ തുക വാർഷികകണക്കിൽ ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി പ്രത്യേകം കാണിച്ചിട്ടില്ല. ഇപ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ ബാധ്യത തീർക്കാനായി സൂക്ഷിച്ചിരിക്കുന്ന തുകയുടെ കൃത്യമായ കണക്കുകൾ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്ന മുറക്ക് കരാറുകാർക്ക് തുക തിരികെ നൽകേണ്ടതും ബാക്കിവരുന്ന തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

# 3-9 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള,നിലവിൽ ഉപയോഗമില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ്

2017-18 വർഷത്തെ മരാമത്ത് ബില്ലുകളിൽ നിന്നും സർവ്വീസ് ടാക്സ് ഇനത്തിൽ കരാറുകാരന് നൽകിയ തുക ജി.എസ്.ടി നിലവിൽ വന്നതിനാൽ അടവാക്കാൻ സാധിക്കാത്തതിനാൽ തിരികെ ലഭിച്ചത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്.ബി.ഐ. അക്കൗണ്ടിൽ അടവാക്കിയത് ഇപ്പോഴും

നീക്കിയിരിപ്പുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു,

| പദ്ധതിയുടെ പേര് | തുക | അക്കൗണ്ടിൽ വരവുവച്ച തിയതി |
|---|---|---|
| വലയംകുളം എൽ.ഐ | 62600 | 3/11/17 |
| തണൽ -അടുക്കള നിർമ്മാണം | 44075 | 16/12/17 |
| കണ്ണമ്പത്തൂർ എസ്.സി കോളനി,കുടിവെള്ള പദ്ധതി | 31600 | 2/11/17 |
| ആകെ | 138275 | |

പദ്ധതി നടത്തിപ്പിന്റെ ആവശ്യത്തിന് ഡിഡി. എടുക്കുന്നതിന് ആരംഭിച്ച അക്കൗണ്ടാണ് ഇത്. (അക്കൗണ്ട് നം. 67258711377). നിലവിൽ ഈ അക്കൗണ്ട് ഉപയോഗമില്ലാത്ത പക്ഷം ആയത് ക്ലോസ്സ് ചെയ്യേണ്ടതും അക്കൗണ്ടിലെ തുക സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

# 3-10 തുറവ് പകൽവീട്-പ്രയോജനപ്പെടുത്തേണ്ടതാണ്

പുതുക്കാട് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട വാർഡ് 1 ലെ 4 സെന്റ് സ്ഥലത്ത് പകൽവീട് പണിയാൻ ഗ്രാമപഞ്ചായത്ത് അനുമതി നൽകിയതിനെത്തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്.

ചെലവ്-2017-18ലെ ചെലവ് -490610

2018-19ൽ-ട്രഷറി ബിൽ നം. 2/21.5.2018 ,₹ 353348

ആകെ=843958/-

ഇലക്ട്രിഫിക്കേഷൻ-ട്രഷറി ബിൽ നം.-11/26.6.2018 ,₹ 72270/-

29/6/2019ന് സ്ഥലപരിശോധന നടത്തിയപ്പോൾ കെട്ടിട ഉദ്ഘാടനം 2/2/2019ന് നടന്നതായി പകൽവീടിന്റെ ചുമരിലുള്ള ഫലകത്തിൽ കണ്ടു. കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ച് കറണ്ട് കണക്ഷൻ ലഭിച്ചിട്ടുണ്ട്. പ്ലംബിംഗ് പണികൾ നടത്തി വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലസ്രോതസ്സ് കണ്ടെത്തിയിട്ടില്ല. കെട്ടിടം ആൾതാമസം തീരെ കുറഞ്ഞ പ്രദേശത്താണ് പണിതത്, വഴി സൗകര്യം നിലവിൽ തൃപ്തികരമല്ല. വൃദ്ധരായ ആളുകൾക്കായി പണി കഴിപ്പിച്ച ഈ കെട്ടിടം പ്രായമായവർക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള ഒരു സ്ഥലത്താണ് പണിതിട്ടുള്ളത്. നിലവിൽ ഈ ആവശ്യത്തിന് ഉപയോഗിച്ചു തുടങ്ങിയിട്ടുമില്ല. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) 11/2018/തസ്വഭവ/ തിയതി 29.1.2019 ഖണ്ഡിക 6.5 പ്രകാരം പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണികഴിപ്പിച്ചിട്ടുള്ള

കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ ഇതിനായി പുതിയ പ്രൊജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശമുണ്ട്. ആയതിനാൽ നിലവിലുള്ള പകൽവീടുകൾ പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 കുടിവെള്ള,ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പ്

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ).നം 11/2018/ത.സ്വ.ഭ.വ./29.1.2018 ഖണ്ഡിക 7.16 (ബി) പ്രകാരം ജലസേചന പ്രൊജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/ ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രൊജക്റ്റിൽ വ്യവസ്ഥ വക്കണം. കൂടാതെ കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും ഗുണഭോക്തൃസമിതിയുടെ ചുമതലയായിരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷം പണി ആരംഭിച്ച/പൂർത്തീകരിച്ച താഴെ പറയുന്ന കുടിവെള്ള, ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും കരാർ വച്ച് ഗുണഭോക്തൃസമിതികളെ ഏല്പിക്കേണ്ടതാണ്

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 36/19 | ജലധാര ലിഫ്റ്റ് ഇറിഗേഷൻ | 435002 |
| 2 | 41/19 | വളയംകുളം എൽ.ഐ | 442722 |
| 3 | 70/19 | എറവക്കാട് എൽ.ഐ | 427159 |
| 4 | 75/19<br>97/19 | മാട്ടുമലചിക്കിനിക്കുളം എൽ.ഐ | 244722<br>306541 |
| 5 | 99/19 | കോരൈച്ചാൽ എൽ.ഐ | 337964 |
| 6 | 102/19 | വെള്ളിക്കുളങ്ങര എൽ.ഐ | 614390 |
| 7 | 103/19 | കാര്യൂർ കുടിവെള്ള പദ്ധതി | 205865 |
| 8 | 112/19 | നേതാജി എൽ.ഐ | 366411 |
| 9 | 119/19 | ചെങ്ങാലൂർതൊമ്മക്കുളം SC കോളനി കുടിവെള്ളപദ്ധതി | 194496 |

# 3-12 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികവർഗ്ഗ വനിതകൾക്ക് ആരോഗ്യ പരിരക്ഷ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

പദ്ധതി നം.52/19

അടങ്കൽ-5,00,000/-(വികസനഫണ്ട്-ജനറൽ)

ചെലവ്-5,00,000/-

പട്ടികവർഗ്ഗ വനിതകൾക്ക് ആരോഗ്യ പരിരക്ഷ എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ 8 പട്ടികവർഗ്ഗ കോളനികളിൽ 18 വയസ്സിനു മുകളിൽ പ്രായമുള്ള വനിതകൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ വൈദ്യപരിശോധന നടത്തി വിളർച്ച ബാധിച്ചവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന വിധത്തിൽ പോഷകാഹാരം നേരിട്ട് കോളനികളിൽ എത്തിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.ആയതു പ്രകാരം പോഷകാഹാരം ട്രൈബൽ കോളനികളിൽ എത്തിക്കുന്നതിന് വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ സി ഡി എസിൽ 474ാം നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള 7ാം വാർഡിൽ പ്രവർത്തിക്കുന്ന വനമാലിക അയൽക്കൂട്ടത്തിലെ വനശ്രീ ആക്ടിവിറ്റി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് 14.11.2018 തിയതിയിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സണുമായി കരാറിൽ ഒപ്പു വച്ചു. ടി പദ്ധതി നടത്തിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)22.10.2018 തിയതിയിലെ പഞ്ചായത്ത് കമ്മിറ്റി 2(3)-ാം നമ്പർ തീരുമാന പ്രകാരം 46 പേരുടെ ഗുണഭോക്തൃ ലിസ്റ്റിനു ഭരണസമിതി അംഗീകാരം നൽകിയിരുന്നെങ്കിലും 45 പേർക്കു മാത്രമാണ് പോഷകാഹാരം വിതരണം ചെയ്തിട്ടുള്ളത്. ഒരാളെ ഒഴിവാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2)ബിൽ നമ്പർ 6/18-19, തി.23.03.2019 പ്രകാരം 108174 രൂപ പിൻവലിച്ച് വനശ്രീ ആക്ടിവിറ്റി ഗ്രൂപ്പിന് തുക കൈമാറിയിട്ടുണ്ട്. ടി തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയില്ല. ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ 108174 രൂപ തടസ്സപ്പെടുത്തുന്നു.

അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.22,തി.29.06.2019) മറുപടി നൽകിയിട്ടില്ല.

# 3-13 പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി നമ്പർ-43/19

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ

അടങ്കൽ(18-19) -62,00,000 (വി.ഫ.ജ-30712, വി.ഫ.എസ് സി പി-6167288, തനത് ഫണ്ട് - 2000)

അടങ്കൽ(19-20)-40,00,000

ആകെ-1,02,00,000

1)എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന ബഹുവർഷ പദ്ധതിക്കായി 18-19 വർഷത്തിൽ 62,00,000 രൂപ അടങ്കൽ വച്ചതിൽ 51,44,048 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | തുക |
| --- | --- |

| | |
|---|---|
| 4/26.10.2018 | 8,50,000 |
| 5/16.11.2018 | 4,00,000 |
| 6/28.11.2018 | 6,00,000 |
| 7/18.12.2018 | 2,50,000 |
| 8/21.12.2018 | 3,00,000 |
| 9/15.1.2019 | 5,00,000 |
| 10/28.1.2019 | 2,50,000 |
| 11/27.2.2019 | 1,50,000 |
| 12/27.2.2019 | 4,50,000 |
| 13/27.2.2019 | 4,50,000 |
| 14/27.2.2019 | 4,00,000 |
| 15/27.2.2019 | 3,50,000 |
| 16/12.3.2019 | 1,50,000 |
| 17/22.3.2019 | 2,000 |
| 18/22.3.2019 | 30,712 |
| 19/22.3.2019 | 11,336 |
| ആകെ | 51,44,048/-രൂ |

ആദ്യവർഷം കരാർ വച്ച് പണി ആരംഭിച്ച 18 പേരിൽ വിദ്യ കെ.സി. (പുതുക്കാട് പഞ്ചായത്ത്), കാവ്യ എം.ബി(മറ്റത്തൂർ പഞ്ചായത്ത്) എന്നിവർ മൂന്ന ഗഡു തുകകൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ചിട്ടില്ല. 19-20 വർഷത്തേക്ക് 33 വിദ്യാർത്ഥികൾ മുൻകൂർ തുക കൈപ്പറ്റിയിട്ടുണ്ട്. പഠനമുറി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

2) അനുവദനീയമായ 120 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണത്തിൽ മുറി പണിത താഴെ കൊടുത്തിരിക്കുന്ന വിദ്യാർത്ഥിനികൾ മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്.

| പേര് | ഗ്രാമ പഞ്ചായത്ത് | മുറിയുടെ വിസ്തീർണ്ണം (ചതുരശ്ര അടി) | അനുവദിച്ച തുക |
|---|---|---|---|
| കാവ്യ സി എസ് | തൃക്കൂർ | 155 | 200000 |
| ശ്രീക്കുട്ടി | തൃക്കൂർ | 124 | 200000 |

മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-14 പട്ടികജാതി പെൺകുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-

പ്രൊജക്റ്റ് നമ്പർ.20/18-19, ബിൽ നമ്പർ.1/18-9 തി.28.07.2018

ചെലവ് – 504544/-

പട്ടികജാതി പെൺകുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതി വനിത ഘടകപദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 17 വിദ്യാർത്ഥിനികൾക്ക് 2017-18 വർഷത്തിൽ ധനസഹായം നൽകിയതിന്റെ തുടർ ആനുകൂല്യമായി 335000 രൂപ 2018-19 വർഷത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ പുതുതായി 9 കുട്ടികൾക്ക് 169544 രൂപ 18-19 വർഷത്തിൽ നൽകിയിട്ടുണ്ട്. ഇതിൽ കരിഷ്മ.സി.എസ്., അശ്വതി രാമകൃഷ്ണൻ, ഗ്രീഷ്മ.സി.എസ്., ഐശ്വര്യ.പി.എം., ശ്രുതി മുരളി, കൃഷ്ണജ.കെ.യു., ദിന ചന്ദ്രൻ.ഇ. എന്നീ വിദ്യാർത്ഥിനികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം.20,29.06.2019). മേൽ പറഞ്ഞ വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-15 ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി -ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയത്-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ- S080/19

ട്രഷറി ബിൽ നമ്പർ-1/3.7.18-555000 രൂപ

- 2/30.11.18-145000 രൂപ

ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി എന്ന പ്രോജക്റ്റ് പ്രകാരം താഴെ പ്പറയുന്ന പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്

തൃക്കൂർ ഗ്രാമപഞ്ചായത്ത്- 150000 രൂപ

അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്-75000 രൂപ

കൊടകര ഗ്രാമപഞ്ചായത്ത്-80000 രൂപ

മറ്റത്തൂർ ഗ്രാമപഞ്ചായത്ത്-250000 രൂപ

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്-145000 രൂപ

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 7,00,000/- രൂപയുടെചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-16 സമഗ്ര കൃഷി വികസനം -ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയത്-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ- S019/19

ട്രഷറി ബിൽ നമ്പർ-2/19.9.18-3036244 രൂപ

- 3/28.9.18-1663756 രൂപ

553 ഹെക്ടർ നെൽകൃഷിക്ക് 850 രൂപ നിരക്കിൽ കൂലിച്ചെലവ് സബ്സിഡി ബ്ലോക്കിനു കീഴിലുള്ള താഴെപ്പറയുന്ന പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | തുക |
|---|---|
| അളഗപ്പനഗർ | 637500 |
| വരന്തരപ്പിള്ളി | 943000 |
| മറ്റത്തൂർ | 1402500 |
| പുതുക്കാട് | 510000 |
| കൊടകര | 986000 |
| തൃക്കൂർ | 110500 |
| നെന്മണിക്കര | 110500 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 47,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-17 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ അവയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ ഹാജരാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ട്രഷറി ബിൽ നമ്പർ/ തുക | അപാകതകൾ |
|---|---|---|---|
| 1 | S026/19-വനിതാ ഗ്രൂപ്പുകൾക്ക് നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 4/25.3.19<br>34000 | ഗ്രൂപ്പുകൾ രൂപീകരിച്ചതിന്റെ വിവരം, ഭൂവിസ്തൃതി തെളിയിക്കുന്ന രേഖകൾ, പാട്ടഭൂമിയിൽ ആണ് കൃഷി ചെയ്യുന്നതെങ്കിൽ കരമടച്ച രസീത്, |

| | | | |
|---|---|---|---|
| | | | പാട്ടക്കരാർ, കൃഷി വിള ഇൻഷ്വറൻസ് ചെയ്തതിന്റെ വിവരം, കൂലിച്ചെലവ് സബ്സിഡി ഗ്രൂപ്പിന്റെ ജോയിന്റ് അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം വ്യക്തികളുടെ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു. ഗ്രൂപ്പിനെ തെരെഞ്ഞെടുത്ത് കമ്മറ്റിയിൽ അംഗീകരിച്ചതിന്റെ വിവരം |
| 2 | S039/19- വനിതാഗ്രൂപ്പുകൾക്ക് നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 5/25.3.19<br>17000 | ഗ്രൂപ്പുകൾ രൂപീകരിച്ചതിന്റെ വിവരം, ഭൂവിസ്തൃതി തെളിയിക്കുന്ന രേഖകൾ, പാട്ടഭൂമിയിൽ ആണ് കൃഷി ചെയ്യുന്നതെങ്കിൽ കരമടച്ച രസീത്, പാട്ടക്കരാർ, കൃഷി വിള ഇൻഷ്വറൻസ് ചെയ്തതിന്റെ വിവരം,. ഗ്രൂപ്പിനെ തെരെഞ്ഞെടുത്ത് കമ്മറ്റിയിൽ അംഗീകരിച്ചതിന്റെ വിവരം |
| | | 51000 | |

രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവ് ചെയ്ത 51000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-18 സി.ഡി.പി.ഓ നടപ്പാക്കിയ നൂതനപദ്ധതി -അംഗീകാരം ലഭിച്ചതിന്റെ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ സ.ഉ(കൈ) 11/2018/തസ്വഭവ തീയതി 29.1.18 ഖണ്ഡിക 3.8.4 പ്രകാരം നൂതന പദ്ധതി അംഗീകരിക്കുന്നതിന് സാധാരണ പ്രോജക്ട് അംഗീകാര രീതിയിൽ നിന്നും വ്യത്യസ്ഥമായി പ്രോജക്ട് ഘടകങ്ങൾ പരിശോധിച്ച് അനുമതി നൽകുന്നതിനു

ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേണ്ടി ജില്ലാ ആസൂത്രണസമിതി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കേണ്ടതാണ്.

ജില്ലാകളക്ടർ ചെയർപേഴ്സൺ ആയുള്ള പ്രസ്തുതസമിതിയുടെ കൺവീനർ ജില്ലാ പ്ലാനിംഗ് ആഫീസറും, ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, (ജനറൽ) നഗരകാര്യ ജോയിന്റ് ഡയറക്ടർ, ജില്ലാ ടൗൺ പ്ലാനർ എന്നിവർ അംഗങ്ങളും ആയിരിക്കേണ്ടതാണ്. പ്രോജക്ട് ഉൾപ്പെടുന്ന വികസന മേഖലയുടെ ജില്ലാതല ഓഫീസർ, ജില്ലാതലത്തിൽ ലഭ്യമായ രണ്ടിൽ കുറയാതെയുള്ള വിഷയമേഖല /വികസന മേഖലയുടെ ജില്ലാതല ഓഫീസർ ജില്ലാതലത്തിൽ ലഭ്യമായ രണ്ടിൽ കുറയാതെയുള്ള വിഷയമേഖല വിദഗ്ധർ എന്നിവരെ ബന്ധപ്പെട്ട് മേഖലയിലെ ചർച്ച നടക്കുന്ന യോഗത്തിലേക്ക് ക്ഷണിതാക്കളായി പങ്കെടുപ്പിക്കേണ്ടതാണ്. ഇപ്രകാരം ക്ഷണിതാക്കളായി പങ്കെടുപ്പിക്കേണ്ട വിദഗ്ധരുടെ ഒരു പാനൽ അംഗീകരിച്ച് ജില്ലാകളക്ടർ ഉത്തരവ് പുറപ്പെവിക്കേണ്ടതാണ്.

പ്രസ്തുതസമിതി ചുവടെ പറയുന്ന കാര്യങ്ങൾ പരിശോധിക്കണം

നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലകളിൽപ്പെടുന്നതാണോ

സാമ്പത്തിക സാങ്കേതിക പ്രായോഗിക ക്ഷമതയുള്ള പ്രോജക്ട് ആണോ

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സബ്സിഡി മാർഗ്ഗരേഖയിലേയോ സംസ്ഥാന സർക്കാർ വകുപ്പിലേയോ മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണോ

നിർദ്ദേശിക്കപ്പെടുന്ന ചെലവുകളും പ്രതീക്ഷിക്കുന്ന സബ്സിഡികളും അനുയോജ്യവും നീതീകരിക്കാവുന്നതാണോ

തദ്ദേശഭരണ സ്ഥാപനങ്ങൾ ഇടപെട്ട് സഹായിക്കാതെ തന്നെ സ്വകാര്യവ്യക്തികൾ സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്ന മേഖലയാണോ

മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രോജക്ട് വിഭാവന ചെയ്തവരുമായി ചർച്ച ചെയ്ത് ഭേദഗതി ആവശ്യമാണെങ്കിൽ അവ കൂടി ഉൾപ്പെടുത്തി സാങ്കേതിക മികവുള്ള പ്രോജക്ട് ആണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നൽകുകയാണ് സമിതിയുടെ ചുമതല. നിർദ്ദേശിക്കപ്പെടുന്ന നൂതനാശയം പ്രോത്സാഹിക്കേണ്ടതിന്റെ ആവശ്യകതയും നിർദ്ദേശിക്കപ്പെടുന്ന ചെലവും സബ്സിഡിയും നീതീകരിക്കുന്നതിനുള്ള യുക്തിയും മിനിറ്റ്സിൽ രേഖപ്പെടുത്തണം .

കൊടകര ബ്ലോക്ക് പഞ്ചായത്തിൽ സി.ഡി.പി.ഒ. കൗമാരക്കാരായ പെൺകുട്ടികളുടെ സമഗ്ര വികസനം എന്ന പ്രോജക്ട് നൂതന പദ്ധതി ആയാണ് നടപ്പാക്കിയത്. പ്രോജക്ട് ജില്ലാ പ്ലാനിംഗ് ഓഫീസർ അംഗീകരിച്ചതിന്റെ രേഖകളല്ലാതെ മേൽപ്പറഞ്ഞ മറ്റു നിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകളോ മിനിറ്റ്സോ ഒന്നും തന്നെ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. മാർഗ്ഗരേഖ പാലിച്ചാണ് നൂതനപദ്ധതി നടപ്പാക്കിയത് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-19 മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ

# അപാകതകൾ-1504080 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

**1. -ആശുപത്രികളിലേക്ക് മരുന്ന വാങ്ങൽ**

പ്രോജക്റ്റ് നമ്പർ-ടോ 71/19

ട്രഷറി ബിൽ നമ്പർ-4/28.9.18-490217 രൂപ

അപാകതകൾ

1. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് കെ.എം.സി.എല്ലിന തുക നൽകിയത്

2.മേൽ പ്രോജക്റ്റ് പ്രകാരം 490217 രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന നൽകി. നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്നുകൾ വാങ്ങിയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്

**2.മാതൃ ശിശു സംരക്ഷണ പദ്ധതി**

പ്രോജക്റ്റ് നമ്പർ-ടോ 134/19

ട്രഷറി ബിൽ നമ്പർ-

27/12.2.19-490217 രൂപ

29/13.3.19-59304 രൂപ

30/13.3.19-44319 രൂപ

33/13.3.19-180400 രൂപ

37/13.3.19-147816 രൂപ

- ---------------

ആകെ -922056 രൂപ

**അപാകതകൾ**

1. 288463 (180400+108063) രൂപ മേൽ പ്രോജക്റ്റ് പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന നല്കിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ട്രഷറി ബിൽ നമ്പർ 30/13.3.19 പ്രകാരമുള്ള 44319 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന ഹാജരാക്കിയിട്ടില്ല.

3.147876 രൂപ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന നല്കിയതിൽ 15680 രൂപയുടെ ചെലവ് വിവരം ലഭ്യമല്ല. (എന്തിന വേണ്ടിയാണ് തുക നൽകിയതെന്ന വിവരം ഫയലിൽ ലഭ്യമല്ല.)

രേഖകൾ ഹാജരാക്കുന്നതുവരെ 348462 (180400+108063+44319+15680) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

**3.ജനറേറ്റർ വാങ്ങലും സ്ഥാപിക്കലും**

പ്രോജക്റ്റ് നമ്പർ-ടഠഠ 136/19

ട്രഷറി ബിൽ നമ്പർ-

40/22.3.19-700000 രൂപ

700000 രൂപ മേൽ പ്രോജക്റ്റ് പ്രകാരം ജനറേറ്റർവാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനു നല്കിയിട്ടുണ്ട്. നാളിതുവരെ ജനറേറ്റർ ലഭ്യമായിട്ടില്ല. കൂടാതെ കരാറിൽ രേഖപ്പെടുത്തലുകളോ സാക്ഷ്യപ്പെടുത്തലോ ഇല്ല. ആയതിനാൽ ജനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. പദ്ധതി നടപ്പാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**4.മറ്റത്തൂർ സാമൂഹ്യകേന്ദ്രത്തിന് കണ്ടിജൻസി ഫണ്ട്.**

പ്രോജക്റ്റ് നമ്പർ-ടഠഠ 60/19

ട്രഷറി ബിൽ നമ്പർ-

1) 5/28.9.18 –109743 രൂപ
2) 10/15.10.18 –52753 രൂപ
3) 11/15.10.18-79014 രൂപ
4) 13/25.10.18- 18790 രൂപ
5) 18/15.12.18- 36990 രൂപ
6) 25/6.2.19 –40028 രൂപ

മേൽ പ്രോജക്റ്റ് പ്രകാരം 337318 രൂപ ചെലവ് വന്നതിൽ 131767 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 131767 രൂപ തടസ്സപ്പെടുത്തുന്നു

**5.പുതുക്കാട് ആശുപത്രി കണ്ടിജൻസി ചെലവുകൾ**

പ്രോജക്റ്റ് നമ്പർ-ടഠഠ 53/19

ട്രഷറി ബിൽ നമ്പർ-
1) 6/28.9.18-185975 രൂപ
2) 12/15.10.18- 74154 രൂപ
3) 17/15.12.18- 102654 രൂപ
4) 24/06.02.19- 96352 രൂപ

മേൽ പ്രോജക്റ്റ് പ്രകാരം 459135/- രൂപ ചെലവ് വന്നതിൽ 185975 രൂപയുടെ ചെലവ് രേഖകൾ (ട്രഷറി ബിൽ നമ്പർ 6) ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 185975 രൂപ തടസ്സപ്പെടുത്തുന്നു

**6.പെയിൻ ആന്റ് പാലിയേറ്റീവ് കെയർ-രേഖകൾ ഹാജരാക്കിയിട്ടില്ല**

പ്രോജക്ട് നമ്പർ-so 93/19

ചെലവ് തുക-109374

മേൽ പ്രോജക്ടിൽ MO CHC നടപ്പാക്കിയ പദ്ധതികളുടെ ചെലവ് പത്രിക പ്രകാരം ആകെ 109374 രൂപ ചെലവു വന്നിട്ടുണ്ട്. ആയതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 109374 രൂപ തടസ്സപ്പെടുത്തുന്നു.

**7.സെക്കന്ററി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ**

പ്രോജക്ട് നമ്പർ-so 74/19

മേൽ പ്രോജക്ട് പ്രകാരം സെക്കന്ററി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിയതിൽ 750000 രൂപ ആകെ ചെലവു വന്നിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന പ്രകാരമുള്ള അപാകത കാണുന്നു.

എ) മരുന്നുകൾ ലഭ്യമാകാത്തത്-
ട്രഷറി ബിൽ നമ്പർ- 1) 9/15.10.18-100000

- 2) 36/21.3.19-85000

- 3) 16/29.11.18-177435 (105000 രൂപ)

മരുന്നുകൾ വാങ്ങുന്നതിനായി മേൽ ബില്ലുകൾ പ്രകാരം 290000 രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ബി) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് കെ.എം.സി.എല്ലിനു തുക നൽകിയത്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സി) ഉപകരണങ്ങൾ ലഭ്യമായിട്ടില്ല
ട്രഷറി ബിൽ നമ്പർ-34/13.3.19-124902

കമ്മ്യൂണിറ്റി ഹെൽത്ത് കെയർ സെന്ററിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി മേൽ ബില്ലിൽ നിന്നും 28502 രൂപ ഡിവൈൻ ഫിസിയോതെറാപ്പി എക്വിപ്മെന്റ്സ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. നാളിതു വരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. കൂടാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ രേഖകൾ ഹാജരാക്കുന്നതു വരെയും 28502 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**8.ഭിന്നശേഷിക്കാർക്ക് ക്യാമ്പ് ഉപകരണങ്ങൾ നൽകൽ**

പ്രോജക്ട് നമ്പർ-so 90/19

ട്രഷറി ബിൽ നമ്പർ-2/15.5.18-18810 രൂപ

ഭിന്നശേഷിക്കാർക്ക് ക്യാമ്പ് ഉപകരണങ്ങൾ നൽകൽ എന്ന പ്രോജക്ട് പ്രകാരം 18810 രൂപ 2017-18 സാമ്പത്തികവർഷം ചെലവ് വന്നിട്ടുണ്ട്. നോട്ടീസ് അച്ചടിച്ച ഇനത്തിലും ഭക്ഷണച്ചെലവായും ക്യാമ്പ് നടത്തിയ വകയിൽ ഡോക്ടർക്ക് നല്കിയ വകയിലുമാണ് മേൽ തുക ചെലവ് വന്നിരിക്കുന്നത്. ഭിന്നശേഷിക്കാരെ പരിശോധിച്ച് ഉപകരണങ്ങൾ നിർണ്ണയിച്ച രേഖകളോ ഉപകരണങ്ങൾ നൽകുകയോ 2017-18 സാമ്പത്തികവർഷം ചെയ്തിട്ടില്ല. കൂടാതെ 2018-19 വർഷത്തിൽ മേൽ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുമില്ല. പ്രാരംഭ നടപടികൾ മാത്രം ചെയ്ത് പദ്ധതി അവസാനിപ്പിച്ചതായാണ് കാണുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പാക്കിയ 1 മുതൽ 8 വരെ പദ്ധതികൾ പ്രകാരം 1504080 (348462+700000+131767+185975+109374+28502) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2018-19 | 380320 | പി.എം.എ.വൈ ജനറൽ2018-19 | 380320 | 0 |
| | | 335000 | പി.എം.എ.വൈ എസ്.സി 2018-19 | 335000 | 0 |
| | | 5792* | ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എസ്.സി 2017-18 | 5792 | 0 |

* 5792/- രൂപ RP-31ൽ "Contribution for other specific purposes" എന്ന ഇനത്തിലാണ് വരവു വച്ചിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പത്തുകുളങ്ങര പൈപ്പ് ലൈൻ നീട്ടൽ | 51/31.7.2018 | 500000 | 0 | 500000 |
| | ആദൂർ എസ്.സി കോളനി കുടിവെള്ളപദ്ധതി | 50/31.7.2018 | 620000 | 0 | 620000 |
| | ചീനിക്കളം എസ്.ടി കോളനി കുടിവെള്ള പദ്ധതി | 90/4.1.2019, 91/4.1.2019 | 29600 770400 | 0 | 800000 |
| | കണ്ണമ്പത്തൂർ കറുകപ്പാടം കുടിവെള്ള പദ്ധതി | 52/31.7.2018 | 500000 | 0 | 500000 |
| ആകെ | | | | | 24,20,000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

വിവരം ലഭ്യമല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭിച്ച വിവരം താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 &2015-16 | 2017-18 അനുബന്ധം 3 ക്രമ നം.5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമാക്കാതെ തുക വകയിരുത്തിയതിന്റെ വിശദാംശം | ആശുപത്രികളിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്തവിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90560234 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105807146 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,31,14,286 |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| | ഇല്ല | ഇല്ല | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2420000 | സരസ്വതി.യു.ജി., സെക്രട്ടറി |
| 3-4 | 13631032 | അന്നമാത്യുജോർജ്,സെക്രട്ടറി-14,00,000 സരസ്വതി.യു.ജി,സെക്രട്ടറി-12231032 |
| 3-12 | 108174 | രാധാകൃഷ്ണൻ.സി.ബി., ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-15 | 700000 | ഫെമി വി മാത്യു. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 3-16 | 4700000 | സരസ്വതി. എ .കെ, കൃഷി അസി.ഡയറക്ടർ |
| 3-17 | 51000 | സരസ്വതി .എ. കെ, കൃഷി അസി.ഡയറക്ടർ |
| 3-19 | 1504080 | ഡോ.എ.സി.സരള, സൂപ്രണ്ട്,സി.എച്ച്.സി |
| | 2,31,14,286 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി16-704/99 തീയതി 22.3.99 |
| 98-99വരവ്-ചെലവ് | എൽ.എഫ്.ടി16-339/00 തീയതി.2.6.00 |
| 1999-00 പദ്ധതി വിഹിതം | എൽ .എഫ്. ടി9 -56/04/<br>തീയതി.11.03.04/7.7.04 |
| 1999-00 | എൽ.എഫ്.ടി21-2204/07തീയതി 21.11.06 |
| 2000-01 | എൽ.എഫ്.ടി21-2205/07തീയതി 21.11.06 |
| 01-02 | എൽ.എഫ്.ടി21-2206/07തീയതി21.11.06 |
| 02-03 | എൽ.എഫ്.ടി21- 2570/07തീയതി 21.02.09 |
| 03-04 | എൽ.എഫ്.ടി21-2571/07തീയതി21.02.09 |
| 04-05 | എൽ.എഫ്.ടി21-2624/07-തീയതി 21.02.09 |
| 05-06 | എൽ.എഫ്.ടി.21-2714/07തീയതി 21.02.09 |
| 06-07 | എൽ.എഫ്.ടി(ബി.പി) 537/11 തീയതി 26.09.11 |
| 07-08 | എൽ.എഫ്.ടി(ബി.പി)538/11 തീയതി.26.09.11 |
| 08-09 | എൽ.എഫ്.ടി(ബി.പി)-539/11 തീയതി26.09.11 |
| 2009-10 | എൽ.എഫ്.ടി(ബി.പി)540/11 തീയതി26.09.11/8.12/11 |
| 2010--11 | എൽ.എഫ്.ടി(ബി.പി) 2236/12/<br>തീയതി15.2.13/5.6.13 |
| 2011-12 | എൽ.എഫ്.ടി(ബി.പി) 218/13 തീയതി.15.04.13/3.8.13 |
| 2012-13 | എൽ.എഫ്.ടി(ബി.പി) 1365/14<br>തീയതി.12.11.14/5.12.14 |
| 2013-14 | നം കെ.എസ്.എ.ടി.എസ്.ആർ (BP)368/15/ തിയ്യതി<br>09.07.15, 09.10.15 |
| 2014-15,2015-16 | നം കെ.എസ്.എ.ടി.എസ്.ആർ (BP2)642/17/<br>തിയ്യതി 18.05.2017 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി2)1068/2017<br>തിയതി.11.07.2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി2)03/2019<br>തിയതി.12.03.2019/05.04.2019 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# <u>അനുബന്ധം- 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊടകര ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ